**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6469** **10-11-2021 - ൽ മറുപടിയ്ക്ക്**

**പേമാരിയിലും ഉരുൾ പൊട്ടലിലും വീട്ടും ജീവനോപാധികളും നശിച്ചവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പേമാരിയിലും ഉരുൾ പൊട്ടലിലും വീട്ടും ജീവനോപാധികളും നശിച്ചവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പേമാരിയിലും ഉരുൾ പൊട്ടലിലും വീട്ടും ജീവനോപാധികളും നശിച്ചവർക്ക് അർഹതയനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ (സ.ഉ കൈ 5/2021/ഡി.എം.ഡി തീയതി 29.10.2021) പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തുണ്ടായ തീവ്രമായ മഴയിലും മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലുമായി ജീവഹാനി ഉൾപ്പെടെ വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതാണ്. പ്രളയത്തിന്റെ തീവ്രതയും ദുരന്തത്തിന്റെ കാഠിന്യവും കണക്കിലെടുത്ത് അർഹമായ വില്ലേജുകളെ ദുരന്ത നിവാരണ നിയമ പ്രകാരം പ്രളയ ബാധിത പ്രദേശങ്ങളായി നിശ്ചയിച്ച് സമയബന്ധിതമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് പ്രസ്തുത വില്ലേജുകളുടെ പട്ടിക തയ്യാറാക്കുന്നതിന് ദുരന്ത നിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാശ നഷ്ടങ്ങളുടെ തോത് അതാത് വകുപ്പുകൾ തിട്ടപ്പെടുത്തി വരികയാണ്. വീട്ടും ജീവനോപാധികളും നശിച്ചവർക്ക് അർഹതയനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ (സ.ഉ (കൈ).5/2021/ഡി.എം.ഡി തീയതി 29.10.2021 പ്രകാരം) നിശ്ചയിച്ചിട്ടുണ്ട്. സാധാരണ ഗതിയിൽ പ്രകൃതിക്ഷോഭങ്ങൾക്ക് ദുരന്ത പ്രതികരണ നിധിയിൽ നിന്ന് പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡപ്രകാരം നാശനഷ്ടങ്ങളുടെ കണക്കുകൾ അതാത് വകുപ്പുകൾ തിട്ടപ്പെടുത്തി നൽകുന്ന മുറക്കാണ് ദുരിതാശ്വാസ സഹായങ്ങൾ നൽകുന്നത്. വ്യക്തിഗത നാശനഷ്ടങ്ങൾക്കും പൊതു നാശനഷ്ടങ്ങൾക്കും വ്യത്യസ്ത മാനദണ്ഡങ്ങൾ ആണ് നിർദേശിച്ചിട്ടുള്ളത്. |

അതിൽ ദുരന്തം മൂലം മരണമടഞ്ഞ വ്യക്തികൾക്കും നാശനഷ്ടങ്ങൾക്കും ധനസഹായം നൽകുവാൻ നിർദേശം ഉണ്ട്. പ്രകൃതിക്ഷോഭം മൂലം മരണപ്പെട്ട വ്യക്തികളുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ (എസ്സ്.ഡി.ആർ.എഫ് വിഹിതമായ 4 ലക്ഷവും സി.എം.ഡി.ആർ.എഫ് വിഹിതമായ ഒരു ലക്ഷവും ചേർത്ത് 5 ലക്ഷം രൂപ) യും 60% മുകളിൽ അംഗ വൈകല്യം ഉണ്ടായ വ്യക്തികൾക്ക് 2 ലക്ഷം രൂപ വരെയും ധനസഹായം നൽകുന്നതായിരിക്കും. വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് എസ്ഡിആർഎഫ് മാനദണ്ഡപ്രകാരം സമതല പ്രദേശങ്ങളിൽ 95100/- രൂപയും മലയോര മേഖലയിൽ 101900/- രൂപയുമാണ് അനുവദിക്കാൻ കഴിയുന്നത്. എന്നാൽ സംസ്ഥാനത്ത് സഉ(കൈ)നം.5/2021/ഡിഎംഡി പ്രകാരം നഷ്ടത്തിന്റെ തോത് പതിനഞ്ച് ശതമാനം വരെയുള്ളതെന്നും പതിനാറ് മുതൽ ഇരുപത്തിയൊൻപത് ശതമാനം വരെയുള്ളവ മുപ്പത് മുതൽ അൻപത്തിയൊൻപത് ശതമാനം വരെയുള്ളവ അറുപത് മുതൽ 74 ശതമാനം വരെയുള്ളവ എഴുപത്തിയഞ്ച് മുതൽ നൂറ് ശതമാനം വരെ എന്നിങ്ങനെയുള്ള വിവിധ സ്ലാബുകളായി തിരിച്ച് പതിനായിരം രൂപ മുതൽ നാല് ലക്ഷം രൂപ വരെ സിഎംഡിആർഎഫി ൽ നിന്നുള്ള വിഹിതവും ചേർത്ത് അനുവദിക്കുന്നതാണ്. വ്യക്തിഗത നഷ്ടങ്ങൾ എന്നു പറയുമ്പോൾ വീടുകൾ, കടകൾ, മറ്റ് സംരംഭങ്ങൾ, കൃഷിയിടം, മൃഗ സമ്പത്ത് എന്നിവയിൽ ഉണ്ടായിട്ടുള്ള നഷ്ടങ്ങൾ പരിശോധിച്ച് ദുരിതാശ്വാസ സഹായം നല്കുന്നതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അർഹരായ എല്ലാ ആളുകൾക്കും വേണ്ട സഹായം ഉടൻ നൽകുവാൻ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും. നാശനഷ്ടങ്ങളുടെ പൂർണ്ണമായ കണക്കെടുപ്പ് നടന്നുവരുന്നതും നിലവിലെ അർഹരായ എല്ലാ കുടുംബങ്ങൾക്കും ദുരിതാശ്വാസ സഹായം നല്കുവാൻ സാധിക്കുകയും ചെയ്യും. നിലവിലെ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും എല്ലാ ജില്ലകൾക്കും തുക അനുവദിച്ചിട്ടുള്ളതാണ്. നാശനഷ്ടങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി അർഹമായ ധനസഹായം ദുരന്ത പ്രതികരണ നിധിയിൽ നിന്നും സമയബന്ധിതമായി അവദിക്കുന്നതാണ്. കൂടാതെ ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനത്തിനായി എല്ലാ വില്ലേജ് ഓഫീസർമാർക്കും അടിയന്തിരമായി 25000 രൂപ അനുവദിക്കാൻ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകികൊണ്ട് GO(RT) No. 705/2021/DMD നമ്പർ സർക്കാർ ഉത്തരവ്

| | | | |
|---|---|---|---|
| | | | 21/10/2021 ന സർക്കാർ പുറത്തിറക്കിയിട്ടുള്ളതുമാണ്. |
| (സി) | നാശനഷ്ടം സംഭവിച്ചവർക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് സമയബന്ധിതമായി നഷ്ടപരിഹാര തുക നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | നഷ്ടം സംഭവിച്ചവർക്ക് നഷ്ടത്തിന്റെ തോതനുസരിച്ച് സമയബന്ധിതമായി നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സർവ്വവും നഷ്ടപ്പെട്ടവരെ പുനഃരധിവസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ദുരന്ത ഘട്ടങ്ങളിൽ സർവ്വവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് സൗകര്യപ്രദമായ കെട്ടിടങ്ങൾ മുൻകൂട്ടി കണ്ടെത്തി ഏറ്റവും നിലവാരത്തിലുള്ള ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ദുരിതാശ്വാസ സഹായമായി രാജ്യത്തെ ഏറ്റവും ഉയർന്ന നഷ്ടപരിഹാര തുകയാണ് കേരളത്തിൽ നൽകി വരുന്നത്. വീടും ജീവനോപാധികളും നശിച്ചവർക്ക് അർഹതയനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ (സ.ഉ(കൈ)നം.5/2021/ ഡി.എം.ഡി തീയതി 29.10.2021) പ്രകാരം നഷ്ടത്തിന്റെ തോതനുസരിച്ച് ധനസഹായം അനുവദിക്കും. പുറമ്പോക്ക് ഭൂമിയിലടക്കം വീട് പൂർണമായി നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കും. |

സെക്ഷൻ ഓഫീസർ